ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് നൽകിട്ടില്ല. ഈ കൊല്ലമെങ്കിലും അങ്ങനെയുള്ള സാങ്കേതിക കാരണങ്ങൾപറഞ്ഞ് ഗ്രാൻറ് കൊടുക്കാതെയിരിക്കാതെ ഉടനെ കൊടുക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ലൈബ്രറിബോർഡ് ശുപാർശ ചെയ്തിട്ടില്ല. അതുമാതിരി ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ബാർഗ്ഗവൻ: ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്ന രീതിയിൽ മാറ്റം വരുത്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗ്രന്ഥശാലാസംഘം വഴി കൊടുത്തുവന്നിരുന്ന ഗ്രാൻറ്റ്-ഇൻ-എയ്ഡ് തീർത്തിട്ടുണ്ട്. അതാതു ജില്ലകളിലുള്ള ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ആഫീസർമാർ ബിൽ കൗണ്ടർസൈൻ ചെയ്തുകൊടുക്കണമെന്നാണ് ഇപ്പോഴത്തെ നിശ്ചയം.

ശ്രീ. കെ. ബാർഗ്ഗവൻ: ഈ മാറ്റം വരുത്താൻ കാരണമെന്താണ്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചില പിശകുകൾ കണ്ടുകൊണ്ടാണ്.

ശ്രീ. ആർ. ജനാർദ്ദനൻനായർ: ഗ്രന്ഥശാലാസംഘത്തിൻെറ ലൈബ്രറികൾക്ക് ഈ ബോർഡിനോട് നേരിട്ട് അപേക്ഷിക്കാം എന്നറിയിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ലൈബ്രറിബോർഡിൻറ ശുപാർശ അനുസരിച്ച് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ഹരിജൻ അസെസറിക്കമ്മിറ്റി.

* 1317. [37] ശ്രീ. കെ. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഡിസ്ട്രിക്റ്റ് ഹരിജൻ അസെസറിക്കമ്മിറ്റി മെമ്പന്മാരുടെ കാലാവധി എത്ര കൊല്ലത്തേയ്ക്കാണ്;

(ബി) ഈ കമ്മിറ്റികൾ പുതുതായി എന്നേയ്ക്ക് നിശ്ചയിക്കും;

(സി) പുതിയ കമ്മിറ്റിമെമ്പർമാരെ നാമനിർദ്ദേശം ചെയ്യുമ്പോൾ മുമ്പു മെമ്പർമാരായിരുന്ന ലോക്കൽ മെമ്പർമാരെ എടുക്കാതെയിരിക്കാൻ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) കാലാവധി ഇത്ര കൊല്ലത്തേയ്ക്കെന്ന് നിശ്ചയിച്ചിട്ടില്ല.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) അപ്രകാരം ചെയ്യുന്നതു ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ: ഈ ഡിസ്ട്രിക്റ്റ് അസെസറിക്കമ്മിറ്റിയുടേയും, ഡിസ്ട്രിക്റ്റ് ഹരിജൻ വെൽഫെയർ ആഫീസറുടേയും ശുപാർശ അനുസരിച്ച് ഹരിജനസംഘടനകൾക്ക് ഗ്രാൻറ് കൊടുക്കുകയും, മറ്റു സഹായങ്ങൾ ചെയ്യുകയും ചെയ്യാറുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: അതു വേറെ ചോദ്യമായി ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly